"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ലയിലെ തൊടിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ.ജി.രാധാകൃഷ്ണന് പലിശ രഹിത വായ്പ - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഇ.പി.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.976/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/05/2021

---

പരാമർശം:- 1 സ.ഉ.(പി) നമ്പർ 45/97/ആകുവ തീയതി 18.02.1997

2 സ.ഉ.(പി) നമ്പർ 285/2000/ആകുവ തീയതി 02.11.2000

3 സ.ഉ.(പി) നമ്പർ 298/2001/ആകുവ തീയതി 20.11.2001

4 ശ്രീ.ജി.രാധാകൃഷ്ണന്റെ 08.02.2021-ലെ അപേക്ഷ

5 പഞ്ചായത്ത് ഡയറക്ടറുടെ 09.02.2021 - ലെ PAN/2146/2021-F2(DP) നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ തൊടിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ.ജി.രാധാകൃഷ്ണന്റെ (ജനന തീയതി 05.05.1967, PEN No.583180) ഹൃദയ സംബന്ധമായ ചികിത്സ ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻറ് ടെക്നോളജിയിൽ നടത്തുന്നതിന് പലിശ രഹിത വായ്പ ഇനത്തിൽ 3,00,000/- രൂപ അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ അനുകൂല ശുപാർശ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ വിഷയം വിശദ മായി പരിശോധിക്കുകയും, കൊല്ലം ജില്ലയിലെ തൊടിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ.ജി.രാധാകൃഷ്ണന്റെ (PEN No.583180) ഹൃദയ സംബന്ധമായ ചികിത്സ ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻറ് ടെക്നോളജിയിൽ നടത്തുന്നതിന് പരാമർശം (1) മുതൽ (3) വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥയുടെയും ചുവടെ വിവരിക്കുന്ന വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) പലിശ രഹിത ചികിത്സ വായ്പ ഇനത്തിൽ തൊടിയൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചു നൽകുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) അനുവദിക്കുന്ന 3,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീ.ജി.രാധാകൃഷ്ണൻ സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകുന്നതുമാണ്.

ii) ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിൽസയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ ടി തുക ട്രഷറിയിൽ ഒടുക്കിയ ചലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 6 മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

iii) പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ച് പിടിക്കേണ്ടതും കൂടാതെ വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കേണ്ടതുമാണ്.

iv) പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്.

v) പലിശരഹിത ചികിത്സാവായ്പ തുക പിൻവലിച്ച ട്രെഷറിയുടെ പേര്, തുക പിൻവലിച്ച തീയതി എന്നിവ ഒരാഴ്ചയ്ക്കുള്ളിൽ സർക്കാരിനെ അറിയിക്കേണ്ടതാണ്.

vi) പലിശരഹിത ചികിൽസാവായ്പ ക്രമീകരിക്കുന്നതിനായി സമർപ്പിക്കുന്ന ബില്ലുകളിൽ പലിശരഹിത ചികിൽസാവായ്പ അനുവദിച്ചതിന് ശേഷമുള്ള ചികിൽസയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ എന്നും, പ്രസ്തുത വായ്പ അനുവദിക്കുന്നതിന് മുൻപുള്ള ബില്ലുകൾ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റിന് മാത്രമായി സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

1. ശ്രീ.ജി.രാധാകൃഷ്ണൻ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. അക്കൗണ്ടന്റ് ജനറൽ (എൽബിഎ & എ), കേരള
5. ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (08.03.2021 - ലെ G2/405/2021/H&FWD നമ്പർ റിമാർക്സ് പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.05.21 13:41:26 IST
Reason: Approved

സെക്ഷൻ ഓഫീസർ